ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ : ക്ലെറിക്കൽ അറൻഡർമാക്ക് 40-80 രൂപ ശമ്പളം ഇപ്പോൾ കൊടുത്തുവരുന്നുണ്ടോ ?

ശ്രീ. സി. അച്യുതമേനോൻ : പൊതുവായി അറൻഡർമാരുടെ സ്കെയിൽ നിശ്ചയിച്ചുകൊണ്ട് ഗവണ്മെൻറ് ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്. ആ ഉത്തരവിൻെറ അടിസ്ഥാനത്തിൽ ഓരോ ഡിപ്പാർട്ടുമെൻറിലുമുള്ള അറൻഡർമാരെ മൂന്നായി തരംതിരിച്ചു് അവരവക്കുള്ള ശമ്പളം ഡിപ്പാർട്ടുമെൻറിൽനിന്നു നിശ്ചയിക്കുന്നതാണു്. ഒന്നാരണ്ടു ഡിപ്പാർട്ടുമെൻറിൽ അങ്ങനെ കൊടുത്തിട്ടില്ല. ബാക്കിയുള്ള എല്ലാ ഡിപ്പാർട്ടുമെൻറുകളിലും കൊടുത്തിട്ടുണ്ടു്.

ശ്രീ. എം. നാരായണക്കുറുപ്പു് : അതു് ഒരു പ്രത്യേക തീയതിമുതൽ എല്ലാ ദിക്കിലും ബാധകമാണെന്നു് ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ടോ ?

ശ്രീ. സി. അച്യുതമേനോൻ : 1-4-1958 മുതൽ അതു് എല്ലാ ദിക്കിലും ബാധകമാക്കണമെന്നു പറഞ്ഞിട്ടുണ്ടു്.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ : എന്തു മാനദണ്ഡം വച്ചാണു് അറൻഡർമാരെ തരം തിരിക്കുന്നതു് ?

ശ്രീ. സി. അച്യുതമേനോൻ : ക്ലറിക്കൽ ജോലി ചെയ്യുന്നവക്കു് 40-80 രൂപയും, സാങ്കേതികമല്ലാത്ത ജോലിചെയ്യുന്നവക്കു് 35-45 രൂപയും, കുറച്ചു് സാങ്കേതികമായിട്ടുള്ള ജോലിചെയ്യുന്നവക്കു് 35-60 രൂപയും എന്ന കണക്കിൽ തരംതിരിക്കുകയാണു് ചെയ്യുന്നതു്.

Japanese Method of Paddy Cultivation.

* 1408. [37]† **Smt. Leela Damodara Menon :** Will the Minister for Finance be plased to state :

(a) the total acreage under Japanese method of paddy cultivation ;

(b) the estimated increase in production in those areas by the method of cultivation ; and

(c) the increased expenditure for the cultivation ?

ധനകാര്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ) :

(എ) 451,553 ഏക്കർ.

(ബി) 32,254 ടൺ.

(സി) 30-35 രൂപ, ഒരേക്കറിനു്.

ശ്രീ. എം. നാരായണക്കുറുപ്പു് : ജാസ്തി വളമിട്ടു് കൃഷിചെയ്യുന്നതൊക്കെ ജാപ്പനീസു് മെത്തേഡാണെന്നു കണക്കാക്കിയതുകൊണ്ടു് ജപ്പാൻ മാതൃകയിൽ കൃഷിചെയ്യുന്നതിൻെറ കണക്കു പറഞ്ഞതിൽ ചില വ്യത്യാസം വന്നുപോയിട്ടുണ്ടെന്നും അതു് പരിശോധിക്കുന്നതാണെന്നും പറഞ്ഞിരുന്നു. അതുകൊണ്ടു് യഥാർത്ഥത്തിൽ ജപ്പാനീസു് മെത്തേഡിൽ കൃഷിചെയ്യുന്നതിൻെറ കണക്കു് ശേഖരിക്കുന്നതിനു വേണ്ട നിർദ്ദേശം കൊടുക്കുമോ ?

ശ്രീ. സി. അച്യുതമേനോൻ : പുതിയ നിർദ്ദേശം കൊടുത്തിട്ടുണ്ടു്. ഇന്നയിന്ന ജോലികൾ ചെയ്യുന്നതിനു മാത്രമേ ജാപ്പനീസു് മെത്തേഡായിട്ടു് കണക്കാക്കാവൂ എന്നു പറഞ്ഞിട്ടുണ്ടു്. അതിൻെറ അടിസ്ഥാനത്തിലുള്ള കണക്കാണു് ഇവിടെ പറഞ്ഞതു്.

---

† As the member was absent the question was put by Shri K. K. Viswanathan with the permission of the Chair.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ഭാർഗ്ഗവൻ : സ്ഥിരമായി ജപ്പാനീസ് കൾട്ടിവേഷൻ നടക്കുന്നതു് എത്ര ഏക്കർ ഉണ്ടു് ?

ശ്രീ. സി. അച്യുതമേനോൻ : അതു് ഇപ്പോൾ അറിഞ്ഞുകൂടാ.

ശ്രീ. പി. ടി. ചാക്കോ : ജാപ്പനീസ് മെത്തേഡ് അനുസരിച്ചു് ഒരേക്കറിനു് എത്ര പറ നെല്ലു് വിളയുന്നുണ്ടെന്നു പറയാമോ ?

ശ്രീ. സി. അച്യുതമേനോൻ : അതു് പൊതുവേ പറയാൻ വിഷമമുണ്ടു്.

ശ്രീ. പി. ടി. ചാക്കോ : ഏകദേശം എത്രപറ വിളയുമെന്നു് പറയാമോ ?

ശ്രീ. സി. അച്യുതമേനോൻ : ഏകദേശം ഡിപ്പാർട്ടുമെൻറു് കണക്കനുസരിച്ചു് സാധാരണ കൃഷിയേക്കാൾ ഒരേക്കറിൽനിന്നും 30 ശതമാനം കൂടുതൽ ഉണ്ടാകുന്നുണ്ടെന്നാണു് അറിയാൻ കഴിഞ്ഞിട്ടുള്ളതു്.

ശ്രീ. പി. ടി. ചാക്കോ : ജപ്പാനീസ് മെത്തേഡ് അനുസരിച്ചു് നാലു ലക്ഷത്തി എൺപത്തീരായിരത്തിൽ ചിലപ്രദേശം ഏക്കറിൽ കൃഷിനടത്തിയിട്ടു് കഴിഞ്ഞ ആണ്ടിൽ എത്ര പറ നെല്ലു് കൂടുതൽ കിട്ടി എന്നു പറയാമോ ?

ശ്രീ. സി. അച്യുതമേനോൻ : ഇൻക്രീസ്ഡ് പ്രൊഡക്ഷനുണ്ടായിട്ടുണ്ടെന്നല്ലാതെ അതിൻെറ കണക്കു് കൈവശമില്ല.

ശ്രീ. എം. നാരായണക്കുറുപ്പു് : ഇൻക്രീസ്ഡ് പ്രൊഡക്ഷനുവേണ്ടി ഇൻക്രീസ്ഡ് ഫെക്സ് പെൻഡിച്ചർ ഉണ്ടായിട്ടില്ലേ ?

ശ്രീ. സി. അച്യുതമേനോൻ : അങ്ങനെ പ്രത്യേകം കണക്കില്ല. ശരാശരി ഒരേക്കറിനു് 35 രൂപ കൂടുതൽ ചെലവാകുമെന്നു് അറിഞ്ഞിട്ടുണ്ടു്.

ശ്രീ. കെ. ഭാർഗ്ഗവൻ : ഇതു് ഏതുകൊല്ലത്തെ കണക്കനുസരിച്ചാണു് പറയുന്നതെന്നു് പറയാമോ ? ഇതിനു മുൻപു് ഏക്കറേജു് കണക്കാക്കിയതിൽ ചില തെറ്റുകളുണ്ടെന്നു പറഞ്ഞു.

ശ്രീ. സി. അച്യുതമേനോൻ : കഴിഞ്ഞ സീസണിലാണെന്നു് ഞാൻ പറഞ്ഞു.

ശ്രീ. കെ. എം. ജാഫർ : ഇതു് തിരുത്തിയ റിപ്പോർട്ടു് അനുസരിച്ചാണോ ഇപ്പോൾ പറഞ്ഞതു് ?

ശ്രീ. സി. അച്യുതമേനോൻ : അങ്ങനെ ഒരു റിപ്പോർട്ടിൽ തെറ്റുണ്ടെന്നു പറഞ്ഞതു് ജാപ്പനീസ് മെത്തേഡിൽ കൃഷി നടത്തുന്നതിൻെറ കൂടെ ഇൻറൻസീവു് കൾട്ടിവേഷൻ ഏരിയാ കൂടി ഉൾപ്പെടുത്തി എന്നുള്ളതാണു്. അല്ലാതെ തെറ്റൊന്നുമുണ്ടായതല്ല. ജാപ്പനീസ് മെത്തേഡിൻെറ കൂട്ടത്തിൽ ഇരുപ്പുവിൻെറ കണക്കുകൂടി കൂട്ടിയിരുന്നു. ഇതു് ലാസ്റ്റ് സീസണിലെ കണക്കാണെന്നു ഞാൻ പറഞ്ഞുകഴിഞ്ഞു.

തേയിലത്തോട്ടം തൊഴിലാളികളുടെ പണിമുടക്കു്.

* 1409. [38] ശ്രീ. സി. എ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്കു് തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂന്നാർ തേയിലത്തോട്ടം തൊഴിലാളികൾ ഇക്കഴിഞ്ഞ പണിമുടക്കുമൂലം നേടിയെടുത്ത പ്രത്യേകാനുകൂല്യങ്ങൾ എന്തെല്ലാം ;

(ബി) പണിമുടക്കുമൂലം തൊഴിലാളികൾക്കു് അതുകൊണ്ടു നഷ്ടപ്പെട്ട തൊഴിൽദിനങ്ങൾ എത്ര ; കൂലിയും മറ്റാനുകൂല്യങ്ങളും ഇനത്തിൽ, ഈ ദിവസങ്ങളിൽ തൊഴിലാളികൾക്കു് മൊത്തം എന്തു തുകയ്ക്കുള്ളതായിരുന്നു എന്നു് കണക്കാക്കപ്പെട്ടതു് ?

LIBRARY ARCHIVES Kerala Legislative Assembly